LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മോഷണ കേസ്സുകൾ

6 [3350] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വർഷത്തിൽ ശരാശരി എത്ര രൂപയുടെ വൈദ്യുതി മോഷണം നടക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി മോഷണത്തിന് ബോർഡിലെ ജീവനക്കാർ കൂട്ടുനിൽക്കുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വൈദ്യുതി മോഷണം സംബന്ധിച്ച എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി മോഷണം തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ സംബന്ധിച്ച് വിശദ വിവരം അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു.†

(ബി) 4/2003 മുതൽ 2/2005 വരെയുള്ള കണക്കനുസരിച്ച് ഒരു വർഷം ശരാശരി 18 (പതിനെട്ട്) കോടി രൂപയുടെ വൈദ്യുതി മോഷണം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഏതാനും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. †

(ഡി) 317.

വൈദ്യുത കണക്ഷൻ ഇളവുകൾ നിർത്തലാക്കൽ

7 [3351] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെല്ലാം ഇളവുകളും സൗജന്യങ്ങളുമാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെങ്കിലും സൗജന്യം നിർത്തലാക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.